بسم الله الرحمن الرحيم

# മാനവരാശി അപകടത്തിൽ

**[Humanity is in Danger]**

“മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി, അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു; (ദുഷ്കൃത്യങ്ങളിൽ നിന്ന്) മടങ്ങുന്നതിനു വേ ി”.

പറയുക, “നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക, എന്നിട്ട്, നിങ്ങൾക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക. അവരിൽ ബഹുഭൂരിഭാഗം ആളുകളും ബഹുദൈവവിശ്വാസികളായിരുന്നു.” (30:42-43).

മാനവരാശിയുടെ മേൽ പതിക്കാൻ പോകുന്ന അത്യാപത്തുകളെക്കുറിച്ച് ഭയം ജനിപ്പിക്കുന്നതാണ് നാം കടന്നുപോകുന്ന ഓരോ ദിവസവും. കരയിലും കടലിലും സംഭവിക്കുന്ന നാശങ്ങളെക്കൊ്, മാധ്യമങ്ങളുടെ തലക്കെട്ടുകൾ നിറഞ്ഞിരിക്കുന്നു. തീപിടിത്തം, വെള്ളപ്പൊക്കം, വിമാനങ്ങളുടേയും ഹെലികോപ്റ്ററുകളുടേയും തകർച്ച, മൈൻ സ്ഫോടനം, അഗ്നി പർവ്വതങ്ങളിൽ ലാവാ പ്രവാഹം, ഭുകമ്പങ്ങൾ, സുനാമികൾ തുടങ്ങി നമ്മെ ബാധിക്കുന്ന കൊടിയ വിപത്തുകളുടെ നിര വളരെ നീതാണ്. മുകളിൽ ചേർത്ത ഖുർ ആൻ വചനങ്ങൾ സൂചിപ്പിക്കുന്നതും, എന്റെ ദൈവീക പ്രബോധന ദൗത്യത്തിന്റെ ആരംഭഘട്ടം മുതൽ (2001) താൻ പറഞ്ഞുകൊിരിക്കുന്നതും ആയ അത്യാപത്തുകൾ കരയിലും കടലിലും - ലോകം മുഴുവൻ - വ്യാപിച്ചിരിക്കുന്നു. ജനങ്ങൾ ഈ ആപത്തുകളെ വെറും പ്രകൃതി ദുരന്തങ്ങൾ മാത്രമായി കരുതുന്നു. പക്ഷേ, എന്തുകൊാണിവ സംഭവിക്കുന്നത്? അവ പ്രകൃതി ദുരന്തങ്ങൾ മാത്രമാണോ? അതോ, ചെയ്തുകൂട്ടിയ പാപങ്ങൾക്കും ധാർമ്മിക ദൂഷ്യങ്ങൾക്കും മേൽ, മാനവരാശി, ദൈവീകക്രോധത്തിന്റെ പിടിയിൽ അകപ്പെടുകയാണോ? അതിക്രമങ്ങളും അഴിമതിയും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു ഇക്കാലത്ത് ലോകം മുഴുവൻ. അതുപോലെ, ദൈവം തമ്പുരാൻ സാംക്രമിക രോഗങ്ങളേയും വ്യാപിപ്പിച്ചിരിക്കുന്നു. മനുഷ്യന്റെ തെറ്റ് - കുറ്റങ്ങളാണ് ഈ ആപത്തുകൾക്കുമൊക്കെ പിന്നിൽ. മറ്റൊരു തരത്തിൽ പറഞ്ഞാൽ മനുഷ്യൻ തന്നെ തന്റെ നാശത്തെ ക്ഷണിച്ചു വരുത്തുകയാണ്.

ഇസ്ലാം സംശുദ്ധവീക്ഷണങ്ങളും ഗുണഗണങ്ങളും ഉൾക്കൊള്ളുന്ന സമ്പൂർണ്ണ മതമാണ്. ദൈവീകദാസന്മാർ ആ വിശ്വാസങ്ങളും ഗുണഗണങ്ങളും ഉൾക്കൊള്ളേതാണ്. പ്രതാപവാനും പങ്കുകാരില്ലാത്തവനുമായ അല്ലാഹുവിലുള്ള പരിപൂർണ്ണ അനുസരണത്തിലൂടെ മോക്ഷപ്രാപ്തിക്കുള്ള വാതിലുകൾ ഇസ്ലാം തുറന്നിട്ടിരിക്കുന്നു. ഇസ്ലാം ഒരു പുതിയ മതമല്ല; അതൊരു ജീവിതപാതയത്രേ. എല്ലാ ഓരോ മനുഷ്യരിലും ഈ പാത അന്തർലീനമായിരിക്കുന്നു. എന്നാൽ ജനങ്ങളാകട്ടെ, ഈ ഭൗതികലോകത്തിന്റെ സുഖഭോഗങ്ങൾക്ക് മുന്നിൽ, തന്റെ അന്തർ ചൈതന്യത്തെ വിസ്മരിക്കുകയാണ് ചെയ്യുന്നത്. അവരുടെ യഥാർത്ഥലക്ഷ്യത്തിലേക്ക് അവരെ യോജിപ്പിക്കുന്ന സത്യത്തെ അവർ വിസ്മരിക്കുന്നു. ഭൗതികസുഖങ്ങളുടെ അടിമളായി അവരെ പരിവർത്തന വിധേയമാക്കുന്ന കാര്യങ്ങളെ, അവർ പകരം തെരഞ്ഞെടുക്കുന്നു.

സത്യപാത പിന്തുടരുന്നതിനേക്കാൾ, തങ്ങളുടെ വ്യാമോഹങ്ങൾക്ക് പ്രാധാന്യം നൽകാൻ ജനങ്ങൾ ഇഷ്ടപ്പെടുന്നു. അവർ കാട്ടിക്കൂട്ടുന്ന അതിക്രമങ്ങൾ അല്ലാഹുവിന്റെ വെറുപ്പിനും അനിഷ്ടത്തിനും കാരണമാകുന്നു. എന്തൊക്കെയാണ് നമുക്കു ചുറ്റും നടക്കുന്നത്? വ്യഭിചാരം, പരസ്ത്രീഗമനം, വേശ്യാവൃത്തി, ബലാൽസംഗം, ബാലപീഢനം, സ്വവർഗ്ഗരതി, കൊലപാതകം, ആത്മഹത്യ, അഴിമതി, വഞ്ചന, മയക്കുമരുന്നു കടത്തൽ, ചൂതാട്ടം, മോഷണം, കള്ളംപറയൽ, സ്വാർത്ഥത തുടങ്ങിയ എത്രയെത്ര അധാർമ്മികവൃത്തികൾ, ഒരേ ലിംഗത്തിൽപ്പെട്ട വ്യക്തികൾ തമ്മിലുള്ള വിവാഹങ്ങൾ ഇന്ന് വ്യാപകമായിരിക്കുന്നു. വളരെ സാധാരണമായൊരു പ്രവർത്തിയായ് അത് കരുതപ്പെടുന്നു. ലൂത്ത് നബി (അ) യുടെ കാലത്തെ സ്വവർഗ്ഗരതിയെക്കാൾ മോശമായ നിലയിൽ, സ്വവർഗ്ഗ വിവാഹങ്ങളെ അംഗീകരിയ്ക്കാനും പ്രോത്സാഹിപ്പിക്കാനും സമൂഹത്തിലെ പുത്തൻ ജീവിതരീതി ധൈര്യപ്പെടുന്നു. ലൈംഗീകത എന്നാൽ ചന്തയിൽ വാങ്ങാവുന്ന ഏറ്റവും വിലകുറഞ്ഞ സാധനങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. സ്ത്രീകളുടെ അന്തസ്സ് ചവിട്ടി മെതിക്കപ്പെട്ടിരിക്കുന്നു. നമുക്ക് ചുറ്റും എന്താണ് നടന്നു കൊിരിക്കുന്നതെന്ന് മുസ്ലീങ്ങളായ നാം ബോധവാന്മാരാണോ? അമുസ്ലീം രാജ്യങ്ങൾ മുസ്ലീം സ്ത്രീകളുടെ വസ്ത്രധാരണ രീതികൾ നിരോധിക്കുന്നു. പർദ്ദയെ തീവ്രവാദത്തിന്റെ വസ്ത്രമായി ഉപമിക്കുന്നു. ഇസ്ലാമിക പാഠങ്ങളോടും മുസ്ലീംകളോടും വിദ്വേഷം കുത്തി നിറയ്ക്കാനും ജനഹൃദയങ്ങളിൽ വെറുപ്പ് സൃഷ്ടിക്കാനും ഉള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നു. വിഗ്രഹപൂജ എല്ലാ ഒരോ ഹൃദയത്തിലും നിറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ ഏകത്വം സംബന്ധിച്ച ഇസ്ലാമിക പാഠങ്ങൾക്ക് ഇടിവ് സംഭവിച്ചിരിക്കുന്നു. മുസ്ലീംകളായിട്ടുള്ളവരുടെ അനിസ്ലാമിക ആചാരങ്ങളും ഇസ്ലാമിന്റെ ശത്രുക്കളുടെ പ്രവർത്തനങ്ങളും ഇതിന് നിമിത്തമായിട്ടു്. മറ്റുള്ളവരുടെ മതവിശ്വാസങ്ങളോട് ബഹുമാനമില്ലായ്മ വർദ്ധിച്ചിരിക്കുന്നു. മുസ്ലീംകൾക്കിടയിലെ അന്തഃച്ഛിദ്രം മുതലാക്കാൻ ശ്രമിക്കുന്ന ശക്തികൾ, ഒരേ വിശ്വാസവും മതാചാരങ്ങളും പിന്തുടരുന്ന സഹോദരന്മാർക്കിടയിൽ വെറുപ്പും വിദ്വേഷവും വളർത്തുന്നു.

ഞാനീ ഉദാഹരണങ്ങൾ എല്ലാം ചൂി്ക്കാട്ടുന്നത് നിങ്ങളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതിനുവേിയാണ്. മാനവരാശി പൊതുവേയും, മുസ്ലീംകൾ പ്രത്യേകിച്ചും ചിന്തിക്കണം - നിങ്ങളുടെ പ്രവർത്തികൾമൂലം നിങ്ങൾക്കുമേൽ വന്നുഭവിച്ചുകൊിരിക്കുന്ന വിപത്തുകളെക്കുറിച്ച്. അല്ലാഹു (ത) ഒരിക്കലും അവന്റെ സൃഷ്ടികളോട് അനീതി കാട്ടുകയില്ല. അവരുടെ കൈകൾകൊ് അവർ ചെയ്തുകൂട്ടുന്ന പാപങ്ങളുടെ ഫലമായി, അവരെ അവൻ പിടികൂടുന്നു. ഈ പാപങ്ങളാകട്ടെ, അധാർമ്മികതയുടേയും പൈശാചിക പ്രവണതകളുടേയും കൂത്തരങ്ങായി ലോകത്തെ മാറ്റിത്തീർക്കുന്നു. പാപങ്ങൾ അഗ്നിപോലെ ലോകം മുഴുവൻ പരത്തുന്നു. ലോകത്ത് സംഭവിച്ചുകൊിരിക്കുന്ന അത്യാപത്തുകൾ ഒക്കെയും മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമാണ്. അവരുടെ തെറ്റായ വിശ്വാസങ്ങളും മോശം പ്രവർത്തികളും നിമിത്തം മനുഷ്യസമുദായത്തിനുമേൽ ദൈവീക കോപം പ്രകടമാവുകയാണ്. ലോകം ഇന്ന് കടന്നുപോവുന്ന ഈ അവസ്ഥയ്ക്ക് ഓരോ മനുഷ്യനും ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഉത്തരവാദിയാണ്. മുസ്ലീംകളും ഒരു വലിയ അളവോളം ഈ അത്യാപത്തുകൾക്ക് ഉത്തരവാദികളാണ്. ഭൗതികലോകത്തിന്റെ

നശ്വരാനുഗ്രഹങ്ങൾക്കുവേ മുസ്ലീംകൾ അവരുടെ വിശ്വാസത്തെ കൈവിട്ടു കളഞ്ഞു. കോൺക്രീറ്റിലോ തടിയിലോ തീർത്ത വിഗ്രഹങ്ങളെ അവർ പുറമേ ആരാധിക്കുന്നില്ലെങ്കിലും, വിഗ്രഹാരാധന അവരുടെ ഹൃദയങ്ങൾക്കുള്ളിൽ അദൃശ്യമായി നിലകൊള്ളുന്നതിൽ വിജയിച്ചിരിക്കുന്നു.

ഇക്കാലത്തെ മുസ്ലീംങ്ങൾക്ക് ദൈവീകാരാധനയെക്കാൾ പ്രിയപ്പെട്ടത് അവരുടെ ഭൗതിക ജോലികളാണ്. അല്ലാഹുവിനെ ആരാധിക്കേ വിധം ആരാധിക്കുന്നതിന് അവർക്ക് സമയം കത്തൊൻ കഴിയുന്നില്ല. പരിശുദ്ധ മതമായ ഇസ്ലാമിലേക്ക് അവർ "ബിദ്അത്തുകൾ" കൊു വന്നു. ദർഗ്ഗകളിലെ സന്ദർശനം, മരണ വാർഷിക ചടങ്ങുകൾ സംഘടിപ്പിക്കൽ തുടങ്ങിയവ ഇസ്ലാമിക പാഠങ്ങൾക്ക് പൂർണ്ണമായും എതിരായ ബിദ്അത്തുകളിൽപ്പെടുന്നു.

ലോകം ലൈംഗീകാരാജകത്വത്തിലേക്ക് കൂപ്പുകുത്തുന്നു. വിഗ്രഹാരാധകരും ധാരാളികളും പെരുകുന്നു. ദൈവഭക്തരും ആദർശനിഷ്ടരും ചുരുങ്ങുന്നു. പരിശുദ്ധമായ ഇസ്ലാമിക പാഠങ്ങൾ വിസ്മരിക്കപ്പെടുന്നു. എന്നു മാത്രമല്ല, ഫാഷനും ട്രെന്റുകളും പുരോഗതിയുടെ പേരിൽ ആ പാഠങ്ങൾക്ക് പകരം സ്ഥാനം പിടിച്ചിരിക്കുന്നു.

ഞാനീ പ്രസംഗത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ, ഈയടുത്ത കാലത്ത്, ഐസ് ലൻഡിൽ ഒരു അഗ്നിപർവ്വതത്തിൽ നിന്ന് ലാവാ പ്രവാഹം ഉാവുകയുായി. അത് സൃഷ്ടിച്ച ധൂമപടലങ്ങളും കരിയും ചാരവും വിവിധ രാജ്യങ്ങളിലെ വിമാനത്താവളങ്ങളിൽ ലക്ഷക്കണക്കിന് യാത്രക്കാർ കുടുങ്ങുന്നതിന് കാരണമായി. ജോലി ആവശ്യം യാത്ര ചെയ്യുന്നവർ, അവധിക്കാലം ആസ്വദിക്കാൻ അന്യരാജ്യങ്ങളിലേക്ക് പോകുന്നവർ, ഉന്നതതല രാഷ്ട്രീയ മീറ്റിംഗുകൾക്ക് പോകുന്നവർ, ഒക്കെ ബുദ്ധിമുട്ടിലായി. ധൂമപടലങ്ങളും കരിയും ചേർന്ന് മേഘങ്ങളെ മൂടി, വിമാനയാത്ര ദുഷ്കരമാവുകയും വിമാന കമ്പനികൾ യാത്ര മുടക്കാൻ നിർബന്ധിതരാവുകയും ചെയ്യുകയായിരുന്നു. വിമാന കമ്പനികൾക്ക് കോടിക്കണക്കിന് ഡോളർ നഷ്ടം നേരിട്ടു. ഒരാഴ്ചയോളം സർവ്വീസുകൾ പൂർണ്ണമായും നിറുത്തി വയ്ക്കേി വന്നു.

ഐസ് ലന്റിലെ അഗ്നി പർവ്വത ലാവാപ്രവാഹസമയത്ത്, ശാസ്ത്രജ്ഞർ, ചില വിചിത്രപ്രതിഭാസങ്ങൾ നിരീക്ഷിക്കുകയുായി. അഗ്നിപർവ്വതത്തിൽ നിന്ന് ധൂമപടലങ്ങളും കരിമേഘങ്ങളും ആകാശത്തിലേക്ക് ഉയരുന്നതിനിടയിൽ, മിന്നൽ പിണരുകൾ ദൃശ്യമായി. ഇക്കാര്യം ശാസ്ത്രജ്ഞരെ അത്ഭുതപ്പെടുത്തി. സംഭവിച്ചതെല്ലാം വെറും പ്രകൃതി പ്രതിഭാസങ്ങളോ? അതോ മനുഷ്യരാശിക്ക് ഒരു താക്കീതായി ദൈവം കാണിക്കുന്ന അടയാളമോ? നിങ്ങൾ ചിന്തിക്കുക. ഈ പ്രതിഭാസങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാം. അല്ലെങ്കിൽ, ഈ സന്ദേശത്തെ നിരാകരിക്കാം. നിങ്ങളുടെ പ്രവർത്തികൾക്ക് അല്ലാഹുവിന് മുമ്പിൽ നിങ്ങൾക്ക് കണക്ക് ബോധിപ്പിക്കേിവരും. ഇക്കാലഘട്ടത്തിൽ, മാനവരാശി അപകടത്തിലേക്ക് നീങ്ങുന്നു എന്ന സന്ദേശം ലഭിച്ചില്ലെന്ന് ആർക്കും പറയാനാകില്ല; അല്ലാഹുവിന്റെ വിനീതദാസനിൽ നിന്ന് ഈ സന്ദേശം ലഭിച്ചിട്ടില്ലെന്ന്, സന്ദേശ കൈമാറ്റത്തിനുള്ള എല്ലാ ഉന്നത സാങ്കേതിക വിദ്യകളും ലഭ്യമായ ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും.

ഈ അഗ്നിപർവ്വത പ്രതിഭാസവും ഒരു തരത്തിലുള്ള ആപത്ത് തന്നെ. മുഴു ലോകവും അതിന്റെ അലയൊലികൾക്ക് സാക്ഷ്യം വഹിച്ചു. സമ്പദ്ഘടനയുടെ വിവിധ മേഖലകളെ അത് ബാധിച്ചു. മനുഷ്യരുടെ ദൈനംദിന ജീവിതത്തേയും അത് താളം തെറ്റിച്ചു.

അതുകൊ്, ദൈവീകകോപത്തെ കരുതി മനുഷ്യർ ജാഗ്രത പുലർത്തണം. ദൈവക്രോധം വരുത്തിവയ്ക്കുന്ന ദുഷ്ടകൃത്യങ്ങളിൽ നിന്ന് മനുഷ്യർ പിൻമാറാൻ തയ്യാറാകണം. അല്ലാഹു (ത) ഒരിക്കലും അവന്റെ ദാസരോട് അനീതി കാട്ടുകയില്ല. മനുഷ്യന്റെ തെറ്റുകുറ്റങ്ങൾക്കും പരിധി ലംഘനത്തിനും എതിരെയാണ് ശിക്ഷ എത്തുക. മാനവരാശി മുഴുവൻ അപകടത്തെ നേരിടുകയാണെന്നും മനുഷ്യരുടെ തന്നെ പ്രവർത്തികൾ അതിന് കാരണമായിട്ടുന്നെും നാം തിരിച്ചറിയണം. നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതും അല്ലാത്തതുമായ നിരവധി വിപത്തുകൾ ലോകത്തെ ബാധിച്ചുകൊിരിക്കുന്നു. ദൈവകോപത്തിന്റെ പ്രകടനത്തിനാണ് നാം സാക്ഷ്യം വഹിച്ചുകൊിരിക്കുന്നത്.

ലോകത്തിലെ വിവിധ രാജ്യങ്ങളിലേക്കു സഞ്ചരിക്കുന്നതിനുള്ള കഴിവും മാർഗ്ഗങ്ങളും അല്ലാഹു (ത) ജനങ്ങൾക്കായി തുറന്നിട്ടിരിക്കുന്നു. ഈ അനുഗ്രഹങ്ങളെ പ്പറ്റി ചിന്തിക്കാനും അല്ലാഹുവിനേയും അവന്റെ ദൂതരേയും നിഷേധിച്ച പൂർവ്വികരെ നിശ്ശേഷം നശിപ്പിച്ചു കളഞ്ഞ ദൈവികക്രോധത്തിന്റെ ചരിത്രത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാനും അല്ലാഹു (ത) അവശ്യപ്പെടുന്നു. അല്ലയോ മാനവസമുദായമേ, നിങ്ങളുടെ പാപങ്ങളിൽ പശ്ചാത്താപം തേടാൻ സമയമായിരിക്കുന്നു. ശുദ്ധഹൃദയ ത്തോടെ നിങ്ങളുടെ രക്ഷിതാവിങ്കലേയ്ക്ക് തിരിയുക, ഏകനും പരമോന്നതനും ആയ അല്ലാഹുവിങ്കലേക്ക് തിരിയുക. നിങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായിത്തീർന്നി രിക്കുന്ന വിവിധതരം ദൈവീകപങ്കാളികളെ ഒഴിവാക്കുക. മുസ്ലീംകളും ഈ താക്കീതിൽ നിന്നു മുക്തരല്ല. എന്തുകൊന്നൊൽ, അവരുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് അവർ തന്നെ ഉത്തരവാദികളാണ്. അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കുന്നതിൽ അവർ വീഴ്ചവരുത്തി. പ്രവാചകപ്രഭു മുഹമ്മദ് നബി (സ) യ്ക്കുശേഷം പ്രവാചകന്മാർ വരില്ലെന്ന സിദ്ധാന്തത്തിലൂടെ അവർ വാഗ്ദത്തമസീഹ് (അ) നേയും ഈ വിനീതനേയും നിരാകരിച്ചു.

മുസ്ലീംകൾ പ്രത്യേകിച്ചും, മാനവരാശി പൊതുവിലും പശ്ചാത്തപിച്ച് മടങ്ങണം. സമയം അതിക്രമിച്ചിട്ടില്ല. നിങ്ങളുടെ സ്വഭാവരീതികൾക്ക് മാറ്റം വരുത്തുകയും പുതിയൊരു ചൈതന്യം സൃഷ്ടിക്കുകയും ചെയ്യുക. അല്ലാഹു (ത) വിന്റെ സഹായ ത്തോടെയും അവന്റെ വേദഗ്രന്ഥത്തെ ആസ്പദമാക്കിയും ഈ വിനീതൻ നൽകുന്ന ഉപദേശങ്ങളെ സ്വീകരിച്ചാൽ അല്ലാഹുവിന്റെ കോപത്തിനു പകരം അവന്റെ തൃപ്തി കരസ്ഥമാക്കാം. പ്രവാചകന്മാർ അവതരിക്കുന്ന കാലഘട്ടങ്ങളിലെ ജനങ്ങൾ പൊതുവിൽ അദ്ദേഹത്തിന്റെ വാക്കുകൾക്ക് ചെവി കൊടുക്കാറില്ല. അദ്ദേഹത്തിന്റെ ദിവ്യ പ്രബോധന ദൗത്യത്തിന്റെ ഒടുവിലോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ കാലശേഷമോ, മാത്രമേ ജനങ്ങൾ അവരുടെ തെറ്റുകുറ്റങ്ങൾ മനസ്സിലാക്കുകയും നഷ്ടപ്പെടുന്ന ദിവ്യാ നുഗ്രഹങ്ങളുടെ കണക്കിനെപ്പറ്റി ബോധവാന്മാരാകുകയും ചെയ്യുകയുള്ളു. ഓ മാനവസമൂഹമേ! അത്തരം ഒരു കാലത്തിനായ് കാത്തിരിയ്ക്കരുത്, കാരണം ലോകം

ഒരുപാട് അത്യാപത്തുകൾക്ക് അതിനിടയിൽ സാക്ഷ്യം വഹിക്കേിവരും. ആ അത്യാപത്തുകളാവട്ടെ അസാധാരണമായ ദുഃഖസ്മൃതികൾ ഉണർത്തുന്നവയും ഒരു നീകാലം അങ്ങനെ നിലനിൽക്കുന്നവയും ആയിരിക്കും. ലോകം വലിയമാറ്റങ്ങൾക്ക് സാക്ഷ്യം വഹിയ്ക്കും. അല്ലാഹുവിന്റെ മുന്നിൽ ജനങ്ങൾക്ക് അവരുടെ നിസാരത ബോദ്ധ്യമാകും. അല്ലാഹു (ത) ഈ ലോകത്തെ നശിപ്പിയ്ക്കുവാൻ ധൃതിപ്പെടുന്നവനല്ല. സൃഷ്ടികൾക്ക് അവരുടെ പാപങ്ങൾക്കുമേൽ പശ്ചാത്തപിക്കുന്നതിനായ് അല്ലാഹു സമയം നൽകാറു്. ഭൂമികുലക്കത്തിലും കൊടുങ്കാറ്റിലും മറ്റ് അത്യാഹിതങ്ങളിലും ഒരു നിമിഷത്തിൽ ജീവൻ വെടിയുന്നവരൊന്നും, തങ്ങളുടെ മേൽ അപതിയ്ക്കാൻ പോകുന്നതൊന്നും അറിയുന്നുായിരുന്നില്ല. എന്നിട്ടും നിർഭാഗ്യവശാൽ, അവരാരും ഈ ഭൂമുഖത്തില്ല. പുരോഗമനത്തിന്റെയും അത്യാഗ്രഹത്തിന്റെയും പേരിൽ നിങ്ങൾ രഹസ്യമായും പരസ്യമായും ചെയ്തുകൂട്ടിയ പാപങ്ങൾ നിമിത്തം ദൈവക്രോധം നിങ്ങളിൽ പതിയ്ക്കില്ലെന്നും അടുത്ത പ്രഭാതത്തിൽ പ്രതാപത്തോടെ നിങ്ങൾ ഉണർന്നെഴുന്നേൽക്കുമെന്നും എന്താണുറപ്പ്? അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കുക; നിങ്ങളുടെ യഥാർത്ഥ മതത്തിലേക്ക് മടങ്ങുക. നിങ്ങളുടെ സൃഷ്ടാവായ അല്ലാഹുവിനോടുള്ള കടമകൾ വിസ്മരിക്കരുത്. ഇക്കാലത്തെ ജനങ്ങൾക്കായി, അല്ലാഹു (ത) പ്രവാചകനായി തെരഞ്ഞെടുത്ത ഈ വിനീതന്റെ ആത്മാർത്ഥമായ ഉപദേശങ്ങൾ അനുസരിക്കുക. മാനവരാശിയുടെ മാർഗ്ഗദർശനത്തിനായ് പ്രകാശം ചൊരിയുന്ന വിളക്കുമായി ഞാൻ വന്നിരിക്കുന്നു. പാപങ്ങളുടെ അന്ധകാര ത്തിൽ വഴി തെറ്റി ഉഴലുന്നവർക്കായി. എന്റെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുകയും അല്ലാഹുവിന്റെ മാർഗ്ഗം പിന്തുടരുകയും ചെയ്യുന്നവർ ഇഹലോകത്തും പരലോകത്തും അഭിവൃദ്ധി പ്രാപിയ്ക്കും. അവരുടെ പരലോക ജീവിതം ഇഹലോക ജീവിതത്തേ ക്കാൾ മെച്ചപ്പെട്ടതായിരിക്കും. എന്തെന്നാൽ പാരത്രിക ജീവിതം ഇഹലോക വാസത്തേക്കാൾ ശാശ്വതവും യഥാർത്ഥവും ആയിരിക്കും.

പങ്കാളികളില്ലാത്ത ഏകനായ ദൈവത്തെ വിശ്വസിച്ച് ആരാധിക്കാൻ ഞാൻ മുഴുവൻ മാനവകുലത്തേയും ക്ഷണിച്ചുകൊള്ളുന്നു. ഏകനായ അല്ലാഹു (ത) മാത്രമാണ് ആരാധനയ്ക്കർഹൻ. നിങ്ങളുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരിക്കുന്ന ദൈവീക പങ്കാളികളെ ഉപേക്ഷിക്കുക. ശയ്ത്താൻ മനുഷ്യന്റെ പ്രത്യക്ഷശത്രുവാകുന്നു. അതുകൊ് പൈശാചിക വഴികൾ അവസാനിപ്പിക്കുക. അല്ലാഹുവിന്റെ പാശത്തിൽ മുറുകെ പിടിക്കുക. ഖുർആനെ സമ്പൂർണ്ണ ജീവിതദർശനമായി അംഗീകരിക്കുക. പ്രവാചക ശ്രേഷ്ഠനായി മുഹമ്മദ് നബി (സ) യെ മനസ്സിലാക്കുക. അന്ധതയുടേയും അധഃപതനത്തിന്റെയും ഈ കാലഘട്ടത്തിൽ, നിങ്ങൾക്കായി അവതരിച്ച ദൈവദൂതരായി ഈ വിനീതനെ അംഗീകരിക്കുക. ദിവ്യപ്രകാശത്തെ ഉൾക്കൊള്ളുക. മതനിരാസത്തിന്റെയും അഴിമതിയുടേയും ലൈംഗിക അരാജകത്വത്തി ന്റെയും അന്ധതയിൽ നിന്നും മോചനം നേടുക. ദൈവഭക്തരുടെ ജീവിതം നയിക്കുക. നിങ്ങൾ ഒരിക്കൽ പരിശുദ്ധരായിരുന്നു. പാപപങ്കിലമായ ഈ ലോകത്തിൽ നിങ്ങളുടെ പരിശുദ്ധിയെ മലീസമാക്കാൻ നിങ്ങൾ അനുവദിക്കുമോ? ഇരു ലോകത്തും നിങ്ങൾക്ക് അനുഗ്രഹംകൊുവരുന്നതെന്തോ അത് തിരഞ്ഞെടുക്കുക. നന്മ

വിതയ്ക്കാതെ നല്ലത് കൊയ്യാമെന്ന് നിങ്ങൾ ധരിക്കരുത്. അല്ലാഹുവിന്റെയും തിരുദൂതരുടേയും കൂട്ടത്തിൽ ചേരാൻ തയ്യാറാകുക. നിങ്ങളുടെ ഈ ഭൗതിക ജീവിതത്തെ അങ്ങനെ സ്വായത്തമാക്കുക.

ഓ മാനവസമൂഹമേ! മനുഷ്യരാശി അപകടത്തിലാണ്. നിങ്ങളുടെ തന്നെ പ്രവർത്തികളും ഉദ്ദേശങ്ങളും നിങ്ങളുടെ പതനത്തിന് കാരണമായിട്ടു്. വീം എഴുന്നേൽക്കുക. നിങ്ങളെ ചവിട്ടി മെതിക്കാൻ പൈശാചിക പ്രവണതകളെ അനുവദിക്കരുത്. നിങ്ങളുടെ വിശ്വാസം അല്ലാഹുവിലും അവന്റെ ദൂതരിലും ആയിരിക്കട്ടെ. പശ്ചാതപിക്കുകയും സ്വയം നന്നാക്കി തീർക്കുകയും ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. അല്ലാഹുവിന്റെ കോപത്തെ ഭയപ്പെടുക. ഇന്നുവരെ ലോകം സാക്ഷ്യം വഹിച്ചിട്ടില്ലാത്തത്ര വലിയ അത്യാപത്തുകളും കൊടും നാശങ്ങളും ഭൂലോകത്തെ പിടികൂടുമ്പോൾ രക്തപ്പുഴ ഒഴുകും. ദുഃഖാർത്തരായ ജനങ്ങൾ അല്ലാഹുവിന്റെ സഹായത്തിനായി യാചിക്കും. അവർ ജീവിക്കുന്ന നരകതുല്യമായ അവസ്ഥയിൽ നിന്നും മോചനം ലഭിക്കാനായി അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതരെ അയയ്ക്കുവാനും അവർ യാചിക്കും.

ഓ മുസ്ലീം സഹോദരന്മാരെ, സഹോദരിമാരെ വിശ്വാസമാണ് നിങ്ങളുടെ വ്യക്തിത്വം. നിങ്ങളുടെ വിശ്വാസത്തെ മലീമസമാക്കാൻ വിഷലിപ്ത മാനസരെ അനുവദിക്കരുത്. ഈ വിശ്വാസം ദൈവം നൽകിയതും നിങ്ങളുടെ അന്തരാത്മാവിന് പ്രിയങ്കരമായതും ആകുന്നു. നിങ്ങളുടെ ഭൗതികവും പാരത്രികവും ആയ അസ്ഥിത്വത്തിന് അവശ്യം വേതുമത്രെ. പരലോക സൗഖ്യത്തെ തെരഞ്ഞെടുക്കുക. അല്ലാഹുവിനുവേി ഈ ഭൗതിക ജീവിതത്തെ വർജ്ജിക്കുവാൻ തയ്യാറായിരിക്കുക. അല്ലാഹുവിന്റെ സ്മരണയെ ഉപേക്ഷിക്കരുത്. അപ്പോൾ അല്ലാഹു (ത) നിങ്ങളെ കൈവിടില്ല. അഹങ്കാരം പാടേ ഉപേക്ഷിക്കുക. ഇസ്ലാം മതവിശ്വാസങ്ങളേയും അടിസ്ഥാന പാഠങ്ങളേയും നശിപ്പിക്കാൻ പദ്ധതി തയ്യാറാക്കുന്ന കപടവിശ്വാസികളേയും അവിശ്വാസികളേയും നേരിടാൻ തയ്യാറായിരിക്കുക. നിങ്ങളുടെ വിശ്വാസത്തെക്കുറിച്ച് വിനീതമായി അഭിമാനിക്കുക. അല്ലാഹുവിനുവേിയും നിങ്ങൾക്കുവേിയും തൂലിക ചലിപ്പിക്കുക. വാദഗതികൾ നിരത്തുക. അറേബ്യയുടെ കോണുകളോളവും പിന്നീട് ലോകം മുഴുവനും ഇസ്ലാമിന്റെ സൗന്ദര്യം പ്രകാശിപ്പിക്കുന്നതിനായി തങ്ങളുടെ സർവ്വസ്വം സമർപ്പിച്ച പ്രവാചകപ്രഭു മുഹമ്മദ് നബി (സ) യുടെ അനുചരസംഘത്തിന്റെ മാതൃക നിങ്ങൾ പിന്തുടരുക. മോക്ഷപ്രാപ്തി സാദ്ധ്യമാകും. മുൻഗാമികളുടെ മാതൃക പിൻതുടർന്ന്, ഇസ്ലാമിക നിയമങ്ങൾക്കനുസൃതമായി പ്രവർത്തിച്ചുകൊ് വിശ്വാസത്തിന്റെ പ്രകാശത്തെ അതിന്റെ പരിപൂർണ്ണ ഗരിമയിൽ മാനവരാശിയുടെ ഹൃദയമണ്ഡലത്തിലെത്തിക്കുവാനുള്ള ചുമതല ഇക്കാലത്തെ മുസ്ലീംങ്ങൾക്കു്. അല്ലാഹു (ത) നിങ്ങളെ അതിന് പ്രാപ്തരാക്കട്ടെ. ആമീൻ.

Friday Sermon of 23 April 2010,
delivered by : **HAZRAT MUNIR AHMAD AZIM**, ***Khalifathullah***
Translated by **Fazil Jamal** BAL, LLB, LLM M.Phil

**Issued by** : R. Jamaludin Raother,
Amir, Jamaat Ul Sahih Al Islam, Kerala - 9447001832, 0475- 2252530,
E-mail : jamal.raother@gmail.com

http://www.jamaat-ul-sahih-al-islam.com/malayalam_index.htm